പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3519

11-12-2018-ലെ മറുപടിയ്ക്ക്

## കർഷകർക്കായി പഠനക്ലാസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷകർക്ക് കൃഷി സംബന്ധമായ കാര്യങ്ങളിൽ കൃത്യത വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠന ക്ലാസ്സുകൾ കൃഷി വകുപ്പ് നടത്തി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന 5 മേഖലാ പരിശീലന കേന്ദ്രങ്ങൾ, 2 കർഷക പരിശീലന കേന്ദ്രങ്ങൾ, റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ എന്നിവ വഴി കർഷകർക്ക് പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആത്മ' പദ്ധതിയുടെ ഭാഗമായും കർഷക പരിശീലനങ്ങൾ സംഘടിപ്പിച്ച് വരുന്നു. കർഷകരും ശാസ്ത്രജ്ഞരും തമ്മിലുള്ള മുഖാമുഖം പരിപാടിയും (Farmer-Scientist Interaction) 'ആത്മ'യുടെ ഭാഗമായി നടത്തി വരുന്നു. |
| (ബി) | ഇല്ലെങ്കിൽ കർഷകർക്കായി മുഖാമുഖമുള്ള പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതികൾ തയ്യാറാക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ